**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 548** **24-08-2022 - ൽ മറുപടിയ്ക്ക്**

**നികുതി ഭരണത്തിൽ സമയബന്ധിതമായ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ഷാഫി പറമ്പിൽ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഉപഭോക്തൃ സംസ്ഥാനമായിട്ടും അവസാന പോയിന്റിൽ നികുതി ഈടാക്കുന്ന ജി.എസ്.ടി. സംവിധാനത്തിൽ സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനം വർദ്ധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | പ്രാപ്യസ്ഥാനാധിഷ്ഠിതമായ ജി.എസ്.ടി നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കും എന്നാണ് പ്രതീക്ഷിച്ചതെങ്കിലും, നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായില്ല. ജി.എസ്.ടി വന്നതോടുകൂടി സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേൽ ഒറ്റയ്ക്ക് തീരുമാനം എടുക്കാൻ കഴിയാതായി. ജി.എസ്.ടി തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണമായും നടപ്പിലാക്കാൻ കഴിയാതെ വന്നതും, കോവിഡും പ്രകൃതി ദുരന്തങ്ങളും ഏല്പിച്ച ആഘാതങ്ങളും ജി.എസ്.ടി വരുമാനം പ്രതീക്ഷിച്ച തോതിൽ വർദ്ധിക്കാത്തതിന് പ്രധാന കാരണങ്ങളാണ്. ജി.എസ്.ടി. ഓൺ ലൈൻ റിട്ടേൺ സംവിധാനം പൂർണമായും നടപ്പാക്കാത്തമൂലം വിവരങ്ങൾ കാര്യക്ഷമമായി പരിശോധിക്കുന്നതിനും സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ഇൻപുട് ടാക്സ് കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും നിലവിൽ കഴിയാത്ത സ്ഥിതിയാണ്.<br><br>രാജ്യമൊട്ടാകെ ജി.എസ്.ടി വരുമാനത്തിലുണ്ടായ വളർച്ചക്ക് ആനുപാതികമായ വളർച്ച ജി.എസ്.ടി വരുമാനത്തിൽ കേരളത്തിലും ഉണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി നഷ്ടപരിഹാര നിയമത്തിൽ പറഞ്ഞിരിക്കുന്നതു പ്രകാരമുള്ള 14% നികുതി വർദ്ധനവ് ഇതുവരെ പ്രാപ്യ മായിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് ജി.എസ്.ടി. എന്ന് മുതലാണ് നടപ്പിലാക്കിയത്; മാറിയ നികുതി ഘടനയ്ക്ക് അനുസൃതമായി നികുതി വകുപ്പിനെ പുനഃസംഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവ് എന്നാണ് | (ബി) | സംസ്ഥാനത്ത് 01/07/2017 മുതലാണ് ജി.എസ്.ടി നടപ്പിലാക്കിയത്. ജി.എസ്.ടി നിയമത്തിന് അനുസൃതമായി സംസ്ഥാന ചരക്കുസേവനനികുതി വകുപ്പിനെ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഉത്തരവ് |

| | | | |
|---|---|---|---|
| | പുറത്തിറക്കിയത്; ഉത്തരവിലെ പ്രസക്തമായ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | | 02.08.2022 ലെ ജി.ഒ.(എം.എസ്) നമ്പർ 55/2022 ടാക്സസ് ആയി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് വകുപ്പിന്റെ പ്രവർത്തനങ്ങളെ പ്രധാനമായും ടാക്സ് പെയർ സർവീസ്, ഓഡിറ്റ്, ഇന്റലിജൻസ് എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. കേന്ദ്രീകൃത രജിസ്ട്രേഷൻ യൂണിറ്റ്, അപ്പീൽസ് ഐ.ടി മാനേജ്മെന്റ് സെൽ, അഡ്മിനിസ്ട്രേഷൻ സെൽ, ലീഗൽ സെൽ, സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പെർഫോമൻസ് മോണിറ്ററിങ് സെൽ, ടാക്സ് റിസർച്ച് ആൻഡ് പോളിസി സെൽ, റിവ്യൂ സെൽ, സി&എ.ജി. സെൽ, ഇന്റേണൽ വിജിലൻസ് സെൽ, അഡ്വാൻസ് റൂളിംഗ് സെൽ, ട്രെയിനിങ് സെൽ, പബ്ലിക് റിലേഷൻ സെൽ തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു. |
| (സി) | മാറിയ നികുതി ഘടനയ്ക്ക് അനുസൃതമായി നികുതി ഭരണത്തിൽ സമയബന്ധിതമായി പരിഷ്കരണം വരുത്തുവാൻ സാധിക്കാതിരുന്നതിന്റെ ഫലമായി വലിയ തോതിൽ നികുതി നഷ്ടം ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നഷ്ടം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഇത്തരത്തിൽ നികുതി നഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടില്ല. നികുതി വെട്ടിപ്പ് കാര്യക്ഷമമായി തടയുന്നതിനും നികുതി പിരിവ് കൂടുതൽ ഊർജിത മാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി വിവരസാങ്കേതിക വിദ്യ കൂടുതൽ ഉപയോഗപ്പെടുത്തുന്നതിനും ഉദ്യോഗസ്ഥർക്ക് മെച്ചപ്പെട്ട പരിശീലനം നല്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ പൊതു ജനങ്ങളെക്കൂടി ഉൾപ്പെടുത്തികൊണ്ട് നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ